## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** — **08-10-2024 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ഈയിടെ നടത്തിയ പബ്ളിക് ഹിയറിംഗിൽ എത്ര പേർ പങ്കെടുത്തുവെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിച്ച താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളിന്മേൽ, കോഴിക്കോട്, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ നാല് സ്ഥലങ്ങളിൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. ടി പൊതുതെളിവെടുപ്പിൽ പങ്കെടുത്തവരുടെ എണ്ണവും അഭിപ്രായങ്ങൾ തേടിയവരുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ബി) | പബ്ളിക് ഹിയറിംഗിലെ പൊതുജന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിൽ ജനസൗഹൃദമായ എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുമെന്ന് വിശദമാക്കാമോ? | (ബി) | ടി പൊതുതെളിവെടുപ്പിൽ കെ.എസ്.ഇ.ബി.എൽ-നെ പ്രതിനിധീകരിച്ച് ടി സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു. കൂടാതെ പൊതു തെളിവെടുപ്പുകളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ചുവടെ ചേർക്കുന്ന തുടർ നടപടികൾ കൈക്കൊള്ളുന്നതിന് പൊതു തെളിവെടുപ്പ് വേളയിൽ തന്നെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്,<br><br>1. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ബിൽ മലയാളത്തിൽ തന്നെ നൽകേണ്ടതാണ്. ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് ഇംഗ്ലീഷിലും വൈദ്യുതി ബിൽ നൽകേ<br>ണ്ടതാണ്.<br><br>2. വൈദ്യുതി ബിൽ പ്രതി മാസം നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.<br><br>3. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എല്ലാ സെക്ഷൻ ഓഫീസുകളിലും Call Recording Facility ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുക.<br><br>4. ഉപഭോക്താക്കളോട് മാന്യമായി സംസാരിക്കണമെന്ന നിർദ്ദേശം എല്ലാ ജീവനക്കാർക്കും നൽകുക. |

5. കഴിയുമെങ്കിൽ എല്ലാ മാസവും സെക്ഷൻ തലത്തിൽ അദാലത്ത് വിളിക്കുക. ഇത് സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ നൽകുക.

6. ഉപഭോക്താക്കൾക്ക് പ്രാഥമികമായി അറിയേണ്ട വിവരങ്ങൾ (FAQ) വെബ് സൈറ്റിൽ നൽകുക.

7. സാധാരണ നടപടി ക്രമങ്ങളും ബിൽ, ഫിക്സഡ് ചാർജ്ജ്, ഫ്യൂവൽ ചാർജ്ജ് മുതലായ വിവരങ്ങൾ സംബന്ധിച്ച് അഞ്ച് മിനിറ്റിൽ കവിയാത്ത വീഡിയോ നിർമിച്ച് വ്യാപകമായ പ്രചരണം നൽകുക.

8. Distributed Battery Energy Storage System (BESS) സംബന്ധിച്ച വിവരങ്ങൾ വൈദ്യുതി ഉപഭോക്താക്കൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ നൽകുക.

മേൽ പരാമർശിച്ച പൊതു തെളിവെടുപ്പിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് നടപടി സ്വീകരിച്ചു വരുന്നു.

1. ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലുകൾ, കെ.എസ്.ഇ.ബി ലിമിറ്റഡ് മലയാളത്തിൽ നൽകി തുടങ്ങി.
2. പ്രതിമാസ വൈദ്യുതിബിൽ ആവശ്യമായിട്ടുള്ളവർക്ക് റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകുന്ന പക്ഷം ആയത് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
3. പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളും കേന്ദ്രീകരിച്ച് [Internal Grievance Redressal Mechanism (IGRC)]-കൾ ഉടൻതന്നെ പ്രവർത്തനം ആരംഭിക്കും. ഇതിനുപുറമെ സംസ്ഥാനത്ത് രണ്ട് Consumer Grievance Redressal Forums (CGRF)-കളും കൂടി ഉടൻ തന്നെ ആരംഭിക്കും.
4. പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി, ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം ഉപഭോക്തൃ സേവന ദിനമായും തുടർന്നുള്ള ഒരാഴ്ചക്കാലം ഉപഭോക്തൃ സേവന വാരമായും ആചരിക്കുന്നു.

| | | | |
|---|---|---|---|
| | | | 6. കാസർഗോഡ്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വോൾട്ടേജ് ക്ഷാമവും, വൈദ്യുതി വിതരണ സംവിധാനത്തിലെ പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നടത്തിയ പൊതുതെളിവെടുപ്പിൽ പങ്കെടുത്തവരുടെ എണ്ണവും അഭിപ്രായങ്ങൾ തേടിയവരുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ

| പൊതുതെളിവെടുപ്പ് നടത്തിയ വേദിയും തീയതിയും | അഭിപ്രായങ്ങൾ കമ്മീഷൻ മുമ്പാകെ അറിയിക്കുന്നതിനായി രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | അഭിപ്രായങ്ങൾ കമ്മീഷൻ മുമ്പാകെ അറിയിക്കുന്നതിനായി രജിസ്റ്റർ ചെയ്ത അസോസിയേഷൻ / സംഘടനകളുടെ എണ്ണം | അഭിപ്രായങ്ങൾ അറിയിക്കാതെ പൊതുതെളിവെടുപ്പിൽ പങ്കെടുത്തവരുടെ എണ്ണം | ആകെ എണ്ണം |
|---|---|---|---|---|
| നളന്ദ ടൂറിസ്റ്റ് ഹോം, കോഴിക്കോട് 03/09/2024 | 157 | 98 | 151 | 406 |
| ജില്ലാ പഞ്ചായത്ത് ഹാൾ, പാലക്കാട് 04/09/2024 | 77 | 43 | 187 | 307 |
| കോർപ്പറേഷൻ ടൗൺ ഹാൾ, എറണാകുളം 05/09/2024 | 117 | 123 | 569 | 809 |
| ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഹാൾ, തിരുവനന്തപുരം 11/09/2024 | 109 | 60 | 479 | 648 |
| ആകെ | | | | 2170 |
| പൊതുതെളിവെടുപ്പിൽ ലഭിച്ച പരാതികളുടെ എണ്ണം – 385<br>ഇ-മെയിൽ/ പോസ്റ്റ് മുഖാന്തിരം ലഭിച്ച പരാതികളുടെ എണ്ണം – 522 | | | | |

സെക്ഷൻ ഓഫീസർ